പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4301 — 03.02.2014 ലെ മറുപടിയ്ക്ക്

## സഞ്ചാരികൾക്ക് താമസസൗകര്യത്തിന് ഡാറ്റാബേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ സെൽവരാജ്<br>ശ്രീ. റ്റി.എൻ പ്രതാപൻ | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) ടൂറിസം വകുപ്പ്, സഞ്ചാരികളുടെ താമസ സൗകര്യത്തിനായി ഡാറ്റാബേസ് തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. ഇതിന്റെ ഭാഗമായി സർവ്വേ തുടങ്ങി കഴിഞ്ഞു. ഫെബ്രുവരി 28 വരെയാണ് സർവ്വേ നടക്കുന്നത്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജില്ലാ ഓഫീസുകളുടെ കീഴിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ വഴിയാണ് വിവരങ്ങൾ നേരിട്ട് ശേഖരിക്കുന്നത്. താമസ സൗകര്യമുള്ള എല്ലാ യൂണിറ്റുകളുടെയും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഈ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിലൂടെ പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങളാണ് ടൂറിസം വകുപ്പ് ലക്ഷ്യമാക്കുന്നത് -<br>1. കേരളത്തിൽ നിലവിലുള്ള എല്ലാ താമസ സൗകര്യങ്ങളുള്ള യൂണിറ്റുകളുടെയും വിവരങ്ങൾ ടൂറിസത്തിന്റെ ഒഫിഷ്യൽ വെബ്സൈറ്റ് വഴി പുറംലോകത്തെ അറിയിക്കുക.<br>2. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിനും വിവിധ തരത്തിലുള്ള വിവരങ്ങൾ ശേഖരിക്കുവാനും ഈ ഡാറ്റാ ബേസ് ഉപയോഗിക്കുക. |
| സി) ടൂറിസം വികസനത്തിനും സഞ്ചാരികൾക്ക് താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇത് എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ; | (സി യും ഡി യും) കേരളത്തിലങ്ങോളമിങ്ങോളമുള്ള ഹോട്ടൽ, റിസോർട്ട്, ഗ്രിഹസ്ഥലി, റെസ്റ്റ് ഹൗസ്, ഗസ്റ്റ് ഹൗസ്, ഹോം സ്റ്റേ ഉടങ്ങിയ എല്ലാ അക്കോമഡേഷൻ യൂണിറ്റുകളുടെയും വിശദവിവരങ്ങൾ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് വഴി നൽകുമ്പോൾ ജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും അവർക്കനുയോജ്യമായ താമസ സൗകര്യം |

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ? | തിരഞ്ഞെടുക്കുവാൻ ഈ വെബ്സൈറ്റ് മാത്രം നോക്കിയാൽ മതിയാകും. മാത്രമല്ല, വിവിധ സ്ഥലങ്ങളിലെ താമസ സൗകര്യങ്ങളുടെ ന്യൂനത മനസ്സിലാക്കി ഗവൺമെന്റിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും ഇത് ഉപകരിക്കും. പുതിയ താമസ സൗകര്യങ്ങൾ ആവശ്യമുണ്ടോ എന്നു പരിശോധിക്കുന്നതിനും, ടൂറിസത്തിന്റെ സമഗ്ര വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഈ വിവരങ്ങൾ അത്യാവശ്യമാണ്. |

സെക്ഷൻ ഓഫീസർ